# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാട്ടൂല് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/KNR/C.2/1081/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 03/11/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാട്ടൂല് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാട്ടൂല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാട്ടൂല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KNR/C.2/1081/21 തീയ്യതി: 03/11/2021

## കണ്ണൂർ ജില്ലയിലെ മാട്ടൂല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാട്ടൂല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു. പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 23-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 23-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കിൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.റീന പിട്ടൻ, അസി ഓഡിറ്റ് ഓഫീസർ
ശ്രീ ഗണേശൻ കേളോത്ത്
ശ്രീപ്രമോദ് കെ ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മുഹമ്മദലി.കെ.വി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ശ്രീകുമാർ സി കെ | സെക്രട്ടറി | 01-04-2019 | 09-12-2019 |
| ശ്രീ ശ്രീകുമാർ സി കെ | സെക്രട്ടറി | 31-01-2020 | 31-03-2020 |
| ശ്രീ . ശിവദാസൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-12-2019 | 30-01-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീന.കെ.വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.അനൂപ്.സി.ഒ | മെഡിക്കൽഓഫീസർ പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ.മഞ്ജുഷ | മെഡിക്കൽഓഫീസർആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.ജയദീപ്.ബി.പി. | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.അനിത.സി.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സ്മിത.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ജിതേഷ്.കെ.ഡി | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഉഷ.കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ ശാരിക.പി. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 18-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 18-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 18-09-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 21-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 24-09-2021)<br>Last Updated By: Reena Pittan (Asst. Audit Officer, On 26-10-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer, On 21-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-9 |
| 10 | അനുവദിക്കപ്പെട്ട ജനറൽ പർപ്പസ് ഫണ്ട് വിഹിതം- അക്കൗണ്ടിൽ ക്രെഡിറ്റായില്ല<br>Written By: Ganesan Keloth (Asst. Audit Officer, On 22-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 1-10 |
| 11 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ.<br>Written By: Pramod K (Auditor, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 1-11 |
| 12 | ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കിയില്ല<br>Written By: Ganesan Keloth (Asst. Audit Officer, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-12 |
| 13 | പങ്കാളിത്ത പെൻഷൻ ബാധകമായ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ വിഹിതം NPS അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 1-13 |
| 14 | തെരുവ് വിളക്കുകളുടെ ചാർജ്ജ് - തുക ഒടുക്കുന്നതിന്റ കൃത്യതയും ആവശ്യകതയും ഉറപ്പു വരുത്തേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 23-09-2021)<br>Last Updated By: P.S.Sabu (Deputy Director, On 03-11-2021) | 1-14 |
| 15 | ആദായ നികുതി ഈടാക്കിയതിന് ശേഷം മണൽ ഫിൽട്ടറിംഗിനുള്ള ചാർജ്ജ് അനുവദിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 1-15 |

| | | |
|---|---|---|
| 16 | വാഹനങ്ങളുടെ പരിപാലനം - രജിസ്റ്ററുകൾ നിർദ്ദേശാനുസരണം സൂക്ഷിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 1-16 |
| 17 | റോഡിന്റെ ഗ്യാരന്റി കാലയളവ് പൂർത്തിയാക്കുന്നതിന് മുമ്പായി പുതിയ പ്രവൃത്തി നടപ്പിലാക്കി. 15248/- തടസ്സപ്പെടുത്തുന്നു.<br>Written By: Reena Pittan (Asst. Audit Officer, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-17 |
| 18 | ടോയ് ലെറ്റ് നിർമ്മാണം- പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-18 |
| 19 | അജൈവ മാലിന്യ സംസ്കരണ കേന്ദ്രം- പദ്ധതി ലക്ഷ്യം കൈവരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 1-19 |
| 20 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ധനസഹായം അനുവദിച്ചു.<br>Written By: Reena Pittan (Asst. Audit Officer, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-20 |
| 21 | പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യർത്ഥികൾക്ക് പഠനമുറി- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: Reena Pittan (Asst. Audit Officer, On 23-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 1-21 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 24-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 1-22 |
| 23 | മുഴുവൻ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .<br>Written By: Pramod K (Auditor, On 24-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 1-23 |
| 24 | വാർദ്ധക്യകാല പെൻഷൻ - മരണപ്പെടുന്ന ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 24-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: P.S.Sabu (Deputy Director, On 03-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021) | 4-3 |

| | | |
|---|---|---|
| | Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 19-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 02-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 21-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Remani Kizhakkeel (Audit Officer, On 19-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Remani Kizhakkeel (Audit Officer, On 19-09-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 01-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

ബജറ്റ് 22-02-2019 തീയതിയിലെ 26/19 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.പുതുക്കിയ ബജറ്റ് 23-03-2020 തീയ്യതിയിലെ17 /2020 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 4888715 |
| വരവ് | 106486000 |
| ആകെ | 111374715 |
| ചെലവ് | 105900000 |
| നീക്കിയിരിപ്പ് | 5474715 |

ഭരണ സമിതിയുടെ 21-12-2019 ലെ 25/19 നമ്പർ തീരുമാന പ്രകാരം വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് തയ്യാറാക്കിയ കരട് ബജറ്റ് ഭരണ സമിതിയിൽ അവതരിപ്പിക്കുകയും തുടർന്ന് 22-02-2019 ന് പ്രത്യേക യോഗം ചേർന്ന് ബജറ്റ് അംഗീകരിക്കുകയും ചെയ്തു. ഘടക സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ചിരുന്നുവോ എന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ജെന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ പാസാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങളൊന്നും തന്നെ ചർച്ചാ വിഷയങ്ങളായിട്ടില്ല എന്നാണ് മിനട്സ് പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 22.07.2020 | തിരിച്ചയച്ചിട്ടില്ല |

വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ആസ്തിമൂല്യം 807131 മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ വാഹനങ്ങളുടേയും ആസ്തി മൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) വാർഷിക ധനകാര്യപത്രികയിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

3.വസ്തുനികുതി ഡിമാന്റ് ,കളക്ഷൻ ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 3249620 | 3113717 | 45594<br>(47994 -5%) |
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 3243388 | 3184502 | 58886 |

4.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രം. ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 138100 | 184794 |

5.ബാലൻസ് ഷീറ്റ് B-3 Capital Contribution ഇനത്തിൽ 2018-19 ലെ ബാലൻസ് തുക 29810135 രൂപയാണ്.2019-20 വർഷവും B-3 Capital Contribution ഇനത്തിൽ 29810135 രൂപയാണുള്ളത്.പ്രസ്തുത ഷെഡ്യൂളിലെ ബാധ്യതയിൽ വർദ്ധനവ് വരാതിരിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

6. B-9 ബാധ്യത ഹെഡിൽ സർക്കാരിലേക്ക് ഒടുക്കാനുള്ള Value Added Tax ഇനത്തിൽ കോഡ് നമ്പർ 350200202 ൽ 4583 രൂപയും കോഡ് നമ്പർ 350300103 ൽ 35548 രൂപയും നീക്കിയിരിപ്പുണ്ട്. നിലവിൽ പ്രസ്തുത നികുതി ഇല്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ തുക നീക്കിയിരിപ്പായി കാണിക്കുന്നത് ഉചിതമല്ല.

7. മൂന്നുമാസത്തിലധികമുള്ള Stale Cheque ഇനത്തിലെ 8330 രൂപ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

8.തൻവർഷത്തെ ആസ്തികൾക്ക് Depreciation രേഖപ്പെടുത്തിയിട്ടുള്ള ഷെഡ്യൂളിന്റെ(B-11) ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

9.B-17 ഷെഡ്യൂളിലെ കോഡ് നമ്പർ 450430102 Madaai Co-Operative Rural Bank-EMS Housing എന്ന അക്കൗണ്ടിൽ 31-03-2019 മുതൽ 433927 രൂപ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത തുകയുടെ പലിശ ഇനത്തിലെ വരവ് തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

10.വികസനഫണ്ട് (എസ് സി പി) ചെലവ് തുക വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ I-6 ഉം (1563920) എ സി ആറും (1638920) പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10740539 |
| വരവ് | 57204003 |
| ആകെ | 67944542 |
| ചെലവ് | 59086988 |
| നീക്കിയിരിപ്പ് | 8857554.40 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 15248 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11002319 | 11002319 | 9659452 | 1342867 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2150000 | 2150000 | 1563920 | 586080 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 3070000 | 3070000 | 1899678 | 1170322 |
| മെയിന്റനൻസ്, നോൺ- റോഡ് (ACR പ്രകാരം) | 0 | 3672000 | 3672000 | 2494239 | 1177761 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8415074 | 8415074 | 3474615 | 4940459 |
| ലൈബ്രറി ഗ്രാന്റ് | 68839 | 2705 | 71544 | 0 | 71544 |
| കേരളോത്സവം | 19319 | 0 | 19319 | 19319 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1227000 | 1342880 | 2569880 | 1280196 | 1289684 |
| വിമുക്തി | 74550 | 239124 | 313674 | 239124 | 74550 |
| ടി എസ് സി | 2317 | 0 | 2317 | 0 | 2317 |
| ഐ.സി.ഡി.എസ്-കേന്ദ്രവിഹിതം | 921514 | 954420 | 1875934 | 1300000 | 575934 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (സ്റ്റേറ്റ് ഷെയർ) | 289812 | 273518 | 563330 | 276394 | 286936 |

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടുണ്ടെങ്കിലും യഥാർത്ഥ വിനിയോഗ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച് വിനിയോഗം ഉറപ്പ് വരുത്തിയിട്ടുണ്ട്.
ഗ്രാന്റിന്റെ ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുക കൂടി ഉൾപെടുത്തിയാണ് പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 142 | 55413710 | 96 | 30532531 | 9 | 46 | 87 | 61.26 |

A)നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

തൻ വർഷം രൂപീകരിക്കപ്പെട്ട് ഡിപിസി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായി നിർവ്വഹണത്തിലെത്തിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെയും ഫണ്ട് ചെലവഴിച്ചതിന്റെയും വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | നടപ്പിലാക്കിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 14 | 3710796 | 10 | 1877582 | 50.59 |
| 2 | അസിഎഞ്ചിനീയർ | 72 | 25167906 | 43 | 11475186 | 45.59 |
| 3 | കൃഷി ഓഫീസർ | 9 | 2314500 | 9 | 2200244 | 95.06 |
| 4 | മെഡിക്കൽഓഫീസർ(പി.എച്ച്.സി) | 2 | 599080 | 1 | 521000 | 86.96 |
| 5 | മെഡിക്കൽഓഫീസർ(ഹോമിയോ) | 4 | 250000 | 4 | 237740 | 95.09 |
| 6 | മെഡിക്കൽഓഫീസർ(ആയുർവ്വേദം) | 2 | 709000 | 2 | 709000 | 100 |
| 5 | വെറ്ററിനറി സർജൻ | 5 | 2008600 | 5 | 1683602 | 83.81 |
| 6 | വി.ഇ.ഒ | 14 | 11462465 | 10 | 4871270 | 42.49 |
| 7 | ഐ സി ഡിഎസ് സൂപ്പർവൈസർ | 6 | 4800000 | 3 | 4297457 | 89.53 |
| 8 | അസി. സെക്രട്ടറി | 5 | 2248000 | 4 | 1497550 | 66.61 |
| 9 | ഹെഡ് മാസ്റ്റർ | 8 | 1993363 | 5 | 1161900 | 58.29 |
| 10 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 150000 | 0 | 0 | 0 |
| | ആകെ | 142 | 55413710 | 96 | 30532531 | 55 |

അംഗീകാരം ലഭിച്ച മുഴവൻ പ്രോജക്ടുകളുടെയും നിർവ്വഹണം സമയബന്ധിതമായി നടത്താനും ഫണ്ടുകൾ പൂർണ്ണമായും അതാത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കാനും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്

മോണിറ്ററിംഗ് കാര്യക്ഷമമല്ല.

പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അപ്രകാരം മോണിറ്ററിംഗ് നടത്തിയിട്ടില്ല.

തർവർഷം നടപ്പിലാക്കിയ പദ്ധതികളൊന്നും തന്നെ മോണിറ്ററിംഗിന് വിധേയമായിട്ടില്ല എന്നാണ് ഫയൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 177326 | 499197 | 676523 | 653883 | 22640 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 88,63,591 | 88,63,591 | 88,63,591 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36960 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 1320400 | 94 |
| വിധവാപെൻഷൻ | 15054600 | 1183 |
| വാർദ്ധക്യകാലപെൻഷൻ | 23594200 | 1892 |
| വികലാംഗപെൻഷൻ | 4281700 | 336 |
| അവിവാഹിത പെൻഷൻ | 274804 | 23 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2887 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഗസ്റ്റ് മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർത്തിട്ടുണ്ട്.ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കൽ,നികുതി പിരിവ്, പദ്ധതി അവലോകനം, പെൻ്റിംഗ് തപാലുകൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുകയും ജീവനക്കാർക്ക് നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.ഓഫീസ് ഉത്തരവ് റജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്.

## 1-10 അനുവദിക്കപ്പെട്ട ജനറൽ പർപ്പസ് ഫണ്ട് വിഹിതം-അക്കൗണ്ടിൽ ക്രെഡിറ്റായില്ല

ഗ്രാമപഞ്ചായത്തിന് 2019-20 വർഷം അനുവദിക്കപ്പെട്ട ജനറൽ പർപ്പസ് ഫണ്ട് വിഹിതത്തിന്റെ ഒരു ഗഡു തുകയായ ₹987400/- ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ പാസ്സാക്കാത്തതിനാൽ നഷ്ടമായി. ഓഡിറ്റ് തീയതി വരെ ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടില്ല.തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് മേൽപ്പറഞ്ഞ പ്രകാരം തുക നഷ്ടമാകാനിടയായ സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നം. 8/2019-20)ലഭ്യമാക്കിയ മറുപടിയിൽ ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും അനുവദിച്ച 12 ഗഡുക്കളുടേയും ബില്ലുകൾ ബിൽ ബുക്കിൽ ചേർത്ത് സമർപ്പിച്ചിട്ടുണ്ടെങ്കിലും ധനകാര്യവകുപ്പിന്റെ 01.10.2019 ലെ 7789/2019 ധന ഉത്തരവ് പ്രകാരമുള്ള ഏഴാം ഗഡു പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വരവ് വന്നിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ധനസ്ഥിതി ബോധ്യപ്പെടുത്തി പഞ്ചായത്തിന് അർഹമായിരുന്നതും ലഭിക്കാതെ പോയതുമായ ഫണ്ട് പുനരനുവദിച്ച് ലഭിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.കൂടാതെ ക്യാഷ്ബാങ്ക് അക്കൗണ്ടിന്മേലുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി മേൽ സാഹചര്യങ്ങൾ ഉണ്ടാകുന്നത് ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 1-11 എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ.

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഈടാക്കി തുടങ്ങിയത് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 21.05.2018 ലെ 59/2018 നമ്പർ തീരുമാന പ്രകാരമാണ്.

പ്രസ്തുത യോഗത്തിലെ തീരുമാന പ്രകാരം ഉത്പ്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി

വരുന്നത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കി തുടങ്ങിയിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച 21-ൽ പരം അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/20-തീയ്യതി-13.9.2021)നൽകിയ മറുപടിയിൽ ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവ് വന്നിട്ടില്ലെന്നും,അന്വേഷണം നടത്തിയതിന് ശേഷമാണ് തുക ഈടാക്കിയതെന്നും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തികാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷകളിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-12 ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കിയില്ല

കേരള പബ്ലിക്ക് ലൈബ്രറീസ് (കേരളഗ്രന്ഥശാലസംഘം) അമെൻഡ്മെന്റ് ആക്ട് 2000(1989ലെ കേരളഗ്രന്ഥശാല സംഘംആക്ട് സെക്ഷൻ48 ഭേദഗതി) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് സമയബന്ധിതമായി ഗ്രന്ഥശാല സംഘത്തിന് ഒടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ (എൽ) വകുപ്പ് 20-09-2006 ൽ പുറപ്പെടുവിച്ച 10088/എൽ 3/05 തസ്വഭവ നമ്പർ മാർഗ്ഗനിർദേശം അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുത്ത തുക ഓരോ വർഷവും രണ്ടു ഗഡുക്കളായി (എപ്രിൽ30നകവുംസെപ്റ്റംബർ30നകവും) സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടയ്ക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തിലെ വാർഷികധനകാര്യപത്രികകൾ പരിശോധിച്ചതിൽ 2019-20 സാമ്പത്തികവർഷം ലൈബ്രറിസെസ് ഒടുക്കിയിട്ടില്ല. വിശദവിവരംചുവടെ കൊടുക്കുന്നു.

| 31.03.2019ലെ നീക്കിയിരിപ്പ് B-9(2019-20) | 2019-20ലെ വരവ് (RP 36) | ആകെ | 2019-20 ൽ ഒടുക്കിയത് (RP -29) | 31.03.2020 ലെ നീക്കിയിരിപ്പ് (B-9(2019-20) |
|---|---|---|---|---|
| 338524 | 166935 | 505459 | 0 | 510285 |

യഥാർത്ഥത്തിൽ നീക്കിയിരിപ്പായി വരേണ്ടുന്ന തുക 505459 /- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയ തുക 510285/- രൂപയാണ്. ലൈബ്രറി സെസ് സമയബന്ധിതമായി ഒടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/2019-20 തീ.14-09-21) 2017-18, 2018-19, 2019-20 വർഷങ്ങളിലെ ലൈബ്രറി സെസ് ഇനത്തിലുള്ള വരവ് തുക 510285 രൂപ 09.07.2020 തീയതിയിൽ വൗച്ചർ നമ്പർ 2200178 പ്രകാരം ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒടുക്കുന്നതിന് വൈകിയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ഒടുക്കാൻ വൈകിയതിന് കാരണം വ്യക്തമാക്കേണ്ടതും തുടർ വർഷങ്ങളിൽ സമയബന്ധിതമായി ലൈബ്രറി സെസ് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 പങ്കാളിത്ത പെൻഷൻ ബാധകമായ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ വിഹിതം NPS അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

G O (P)No. 44/2019/Fin Dt.4.4.2019 പ്രകാരം 1.1.2018 മുതൽ 31.3.2019 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക, വൗച്ചർ നം. 21900145/16.5.2019 പ്രകാരം (2,03,390/-രൂപ) പിൻവലിച്ച് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പങ്കാളിത്ത പെൻഷൻ ബാധകമായിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരിൽ നിന്നും ക്ഷാമബത്ത കുടിശ്ശികയുടെ 10% ഈടാക്കി NPS അക്കൌണ്ടിൽ ഒടുക്കേണ്ടതാണ്.

| ക്രമ നം. | പേര് / തസ്തിക | അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക രൂപ | ഈടാക്കേണ്ട പെൻഷൻ വിഹിതം രൂപ |
|---|---|---|---|
| 1 | ശ്രീമതി സജിന കെ, ക്ലർക്ക് | 11557 | 1155 |
| 2 | ശ്രീമതി. സരിത എൻ, ക്ലർക്ക് | 10930 | 1093 |
| 3 | ശ്രീ. റിന്റു രാജ്, ഒ എ | 9936 | 993 |

## 1-14 തെരുവ് വിളക്കുകളുടെ ചാർജ്ജ് - തുക ഒടുക്കുന്നതിന്റെ കൃത്യതയും ആവശ്യകതയും ഉറപ്പ

വരുത്തേണ്ടതാണ്.

2019-20, വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം കെ എസ് ഇ ബി ക്ക് നൽകിയിട്ടുണ്ട്.

| മാസം | തുക |
|---|---|
| 4/2019 | 40259 |
| 5/2019 | 40259 |
| 6/2019 | 40259 |
| 7/2019 | 40259 |
| 8/2019 | 40259 |
| 9/2019 | 40259 |
| 10/2019 | 52544 |
| 11/2019 | 44345 |
| 12/2019 | 44345 |
| 1/2020 | 44345 |
| 2/2020 | 44345 |
| 3/2020 | 44821 |

തെരുവ് വിളക്ക് ചാർജ്ജ് ഒടുക്കുന്നതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ സൂക്ഷിക്കേണ്ടതാണ്.

1.പഞ്ചായത്ത് പരിധിയിൽ ഏതെല്ലാം വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ഏതിനത്തിലുള്ള വിളക്കുകളുടെ വൈദ്യത ചാർജ്ജാണ് ഈ രീതിയിൽ ഒടുക്കിവരുന്നത് എന്ന് വ്യക്തമാക്കുന്ന തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ

2 പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തന ക്ഷമമായ വിളക്കുകൾക്കാണ് മേൽ കൊടുത്തിട്ടുള്ള പ്രകാരം വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനായി കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയതിന്റെ രേഖകൾ .

പഞ്ചായത്ത് പരിധിയിലുള്ളതും പ്രവർത്തന ക്ഷമമായതുമായ തെരുവ് വിളക്കുകൾക്ക് മാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ആദായ നികുതി ഈടാക്കിയതിന് ശേഷം മണൽ ഫിൽട്ടറിംഗിനുള്ള ചാർജ്ജ് അനുവദിക്കേണ്ടതാണ്.

പഞ്ചായത്തിലെ മാന്വൽ ഡ്രഡ്ജിംഗ് വഴി ശേഖരിക്കുന്ന മണൽ ഫിൽട്ടർ ചെയ്യുന്നതിനുള്ള ചാർജ്ജായി പാപ്പിനിശ്ശേരി കെട്ടിട നിർമ്മാണ തൊഴിലാളി സഹകരണ സംഘം , പാപ്പിനിശ്ശേരി എന്ന സ്ഥാപനത്തിന് ഫിൽട്ടർ ചെയ്യുന്ന

മണലിന് ടണ്ണിന് 115 രൂപ പ്രകാരം തൻവർഷം ഗ്രാമപഞ്ചായത്തിൽ നിന്ന് താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം/തിയ്യതി | തുക | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|
| 21900113/2.5.19 | 209530 | 2095 |
| ണ21900493/6.9.19 | 136045 | 1360 |
| 21900590/4.10.19 | 177330 | 1773 |
| 21900703/4.11.19 | 280600 | 2806 |
| 21900842/10.12.19 | 134665 | 1346 |
| 21900774/6.11.19 | 205505 | 2055 |
| 21900856/19.12.19 | 88665 | 886 |
| 21900906/10.01.20 | 77740 | 777 |
| 21900919/14.1.20 | 66240 | 662 |
| 21901012/12.2.20 | 61640 | 616 |
| 21901101/9.3.20 | 116469 | 1164 |
| ആകെ | | 15540 |

ഇൻകംടാക്സ് നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം ആദായ നികുതി ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്. ആയതിന്റെ വിവരം ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (04/13-09-2021) 2019-20 വർഷം 11,656 രൂപ മാത്രമാണ് തൻവർഷം ആദായ നികുതി ഇനത്തിൽ ഈടാക്കി ഒടുക്കിയിട്ടുള്ളത് എന്ന മറുപടിയാണ് നൽകിയത്. ഇൻകം ടാക്സ് നിയമപ്രകാരമുള്ള നിരക്കിൽ നികുതി ഈടാക്കിയതിന് ശേഷം ഫിൽട്ടറിംഗ് ചാർജ്ജിനത്തിലുള്ള തുക അനുവദിക്കേണ്ടതും ഈടാക്കാൻ കുടിശ്ശികയായ ആദായനികുതി (15540-11656=3884) ഈടാക്കി ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 വാഹനങ്ങളുടെ പരിപാലനം - രജിസ്റ്ററുകൾ നിർദ്ദേശാനുസരണം സൂക്ഷിക്കേണ്ടതാണ്.

30-06-2007ലെ ജി.ഒ.(എം.എസ്.) 170/2007 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മാട്ടൂൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 13 AH 8428, KL 13 V 6133 എന്നീ നമ്പരുകളിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കൂടാതെ ലോഗ് ബുക്കും യഥാവിധി സൂക്ഷിച്ചതായി കാണുന്നില്ല. തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസത്തെ അവസാന ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ് . കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണ്. എന്നീ സർക്കാർ നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല. കൂടാതെ വണ്ടികളുടെ അറ്റകുറ്റ പണികളുടെ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനായി ഒരു റിപ്പയർ രജിസ്റ്റർ , സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതുമാണ്.

## 1-17 റോഡിന്റെ ഗ്യാരന്റി കാലയളവ് പൂർത്തിയാക്കുന്നതിന് മുമ്പായി പുതിയ പ്രവൃത്തി നടപ്പിലാക്കി. 15248/-തടസ്സപ്പെടുത്തുന്നു.

| പദ്ധതി നം, പേര് | അടങ്കൽ | ചെലവ് | പൊതുവായി നടപ്പിലാക്കിയ പ്രവൃത്തിയുടെ ഇനം / നിരക്ക് | | പ്രവൃത്തി നടപ്പിലാക്കിയ ചെയിനേജ് |
|---|---|---|---|---|---|
| 71/20ജസീന്ത ബീച്ച് റോഡ് ടാറിംഗ് 0/197- | 13000 (തനത് | 10774(തനത് ഫണ്ട് | Item No.6 (പേജ് നം 18 | Item No.7 (പേജ് നം 18 | 0/197 To 0/297 |

| | | | | | |
|---|---|---|---|---|---|
| 0/297<br>എംബുക്ക് നം: 16/19-20<br>കരാറുകാരൻ:ഗോവിന്ദൻ കുട്ടി കെ | ഫണ്ട്)<br>287000<br>(റോഡിനം) | വൗച്ചർ നം 201901331 /23.03.20)<br>287000<br>(റോഡിനം)<br>ബിൽ നം 21/17.03.21 | എം ബുക്ക് നം 16/19-20)<br>75.5.9.1.2pb<br>158.06/- | എം ബക്ക് നം 16/19-20)<br>75.5.12.A.3 .2pb<br>62.93/- | |
| 121/20ജസീന്ത ബീച്ച് റോഡ് ടാറിംഗ് (സ്പിൽ ഓവർ) 0/20-0/400<br>എം ബുക്ക് നം: 13/18-19<br>കരാറുകാരൻ:ഷിഹാബ് കെ | 300000<br>(റോഡിനം) | 287177<br>(റോഡിനം)<br>ബിൽ നം 2/17.05.19 | Item No.10<br>75.5.9.1.2pb<br>(പേജ് നം 23 എം ബൂക്ക് നം 13/19-20)<br>166.39/- | Item No.11<br>75.5.12.A.3 .2pb(പേജ് നം 23 എം ബൂക്ക് നം 13/19-20)<br>66.28/- | 0/20 To 0/220 |
| | | | 23X3X158.06<br>10906.14 | 23X3x62.93=<br>4342.17 | 15248.31 |

മേൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ 0/197 മുതൽ 0/220വരെയുള്ള ഭാഗം (23 മീറ്റർ) രണ്ട് പ്രവൃത്തികളിലും ഉൾപ്പെട്ടിട്ടുണ്ട്. 121/20-ാം നമ്പർ പ്രൊജക്റ്റ് പ്രകാരം 16.03.19 ന് പൂർത്തീകരിച്ച് നാല് മാസത്തിനകം പ്രവൃത്തിയിലുൾപ്പെട്ട ഭാഗം (എം. ബുക്ക് നം 13/18-19) ഉൾപ്പെടുത്തി 71/20 നമ്പർ പ്രവൃത്തിക്ക് സാങ്കേതികാനുമതി (LSGD/TS/2019-20/46005/18.07.19) നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഗാരൻറി കാലയളവ് പൂർത്തിയാകുന്നതിന് മുമ്പ് തന്നെ പ്രസ്തുത ഭാഗം ഉൾപ്പെടുത്തി പദ്ധതി (പ്രൊജക്റ്റ് നം 71/20)രൂപീകരിക്കാനുള്ള കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 22/20.09.21) പ്രൊജക്റ്റ് നം 71/20 ൽ ഉൾപ്പെടുത്തിയിട്ടുള്ള ഭാഗം 0/197 To 0/297വെള്ളം കെട്ടികിടക്കുന്ന ഭാഗം ആയതിനാൽ ഉയർത്തി ടാർചെയ്യുന്നതിനാണ് മുൻവർഷം ടാർചെയ്ത 23മീറ്റർ ഭാഗം കൂടി ഉൾപ്പെടുത്തി പ്രൊജക്റ്റ് രൂപീകരിച്ചതെന്നാണ് മറുപടി നൽകിയത്. എന്നാൽ ഇത്തരത്തിൽ ഒരു പ്രവൃത്തി കഴിഞ്ഞവർഷം റിടാർചെയ്ത ഭാഗത്ത് അവശ്യമായി വന്നിട്ടുണ്ട് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിൽ റോഡ് ഉയർത്തുന്നതിനായിട്ടുള്ള ഇനം ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റിൽ റോഡ് ഉയർത്തുന്നതിനായിട്ടുള്ള ഇനം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. റോഡ് പ്രവൃത്തിയുടെ നിർമ്മാണത്തിന്റെ ഗാരന്റി കാലയളവിനുള്ളിൽ പുതിയ പ്രൊജക്റ്റിലുൾപ്പെടുത്തി റോഡ് പ്രവൃത്തി നടത്തിയത് കാരണം ഉണ്ടായ അധിക ചെലവായ 15248/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 ടോയ് ലെറ്റ് നിർമ്മാണം- പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

| പ്രോജക്റ്റ് നമ്പർ | 146/20 | 145/20 |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | എൻ എം യു പി സ്കൂളിന് കക്കൂസ് നിർമാണം | ലിറ്റിൽ ഫ്ലവർ യു പി സ്കൂളിന് കക്കൂസ് നിർമ്മാണം |
| അടങ്കൽ | 260000 (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 260000 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| കാഷ് ബുക്ക് പ്രകാരം വൗച്ചർ നമ്പർ/തിയ്യതി | 17/19-20/05.09.19 | 24/19-20/27.01.20 |
| ചെക്ക് നം/തിയ്യതി | 010772/01.102019 | ചെക്ക നമ്പർ ലഭ്യമല്ല. |
| കൺവീനർ | ശ്രീമതി സരള ടി (ഹെഡ് മിസ്ട്രസ്) | ശ്രീ രാധാരമണൻ. കെ എൻ, (ഹെഡ് മാസ്റ്റർ) |
| എം ബുക്ക് നമ്പർ | 46/18-19 | 45/18-19 |

| | | |
|---|---|---|
| എഗ്രിമെന്റ് നമ്പർ | 46/AE/LSGD/MTL/18-19 Dt 01.03.19 | 45/AE/LSGD/MTL/18-19 Dt 01.03.19 |
| ആകെ പ്രവൃത്തിമൂല്യം | 253280 | 243983 |

1. പദ്ധതി മാർഗരേഖ സ ഉ. (കൈ)11/2018 തസ്വഭവ. തീ. 29.01.2018 ഖണ്ഡിക 7.6(2),7.6(8) എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം എല്ലാ സർക്കാർ സ്കൂളുകൾക്കും ആവശ്യമായ സൗകര്യങ്ങളും ജലലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഒരുക്കിയതിന് ശേഷം എയിഡഡ് സ്കൂളുകൾക്ക് ഇത്തരം സൗകര്യങ്ങൾ ഒരുക്കാവുന്നതാണ്. N M U P സ്കൂൾ , ലിറ്റിൽ ഫ്ലവർ യു പി സ്കൾ എന്നീ എയ്ഡഡ് സ്കൂളുകളിൽ ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.എയിഡഡ് മാനേജ്മെന്റ് സ്കൂളിൽ പശ്ചാത്തല സൗകര്യം ഒരുക്കുമ്പോൾ സ്കൂൾ മാനേജ്മെന്റ് ഇത്തരം സൗകര്യങ്ങളുടെ ആവശ്യകത ഉന്നയിച്ച് നൽകിയ അപേക്ഷയും കെട്ടിടത്തിന്റ പരിപാലനവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജ്മെന്റുമായി ഉണ്ടാക്കിയ കരാർ എന്നിവ ഹാജരാക്കിയിട്ടില്ല.

3. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ലിറ്റിൽ ഫ്ലവർ യു പി സ്കൂളിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിച്ചിട്ടുള്ള കാഷ് ബുക്ക് പ്രകാരവും (വൗച്ചർ നം 24/19-20/27.01.20) മെമ്മോ ഓഫ് പെയ്മെന്റ് പ്രകാരവും 2019-20 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരവും 243983/- രൂപയുടെ ചെലവ് നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2020-21 വർഷം, കൺവീനർ ട്രഷറിയിൽ നിന്ന് തുക ലഭ്യമായിട്ടില്ല എന്ന് അറിയിച്ചതിനെ തുടർന്ന് വൗച്ചർ നം 22000363/25.09.20 പ്രകാരം കൺവീനർക്ക് നൽകേണ്ട തുകയായ 2,36,664/- രൂപ അനുവദിച്ചിട്ടുണ്ട് . തൻവർഷം യഥാർത്ഥ ചെലവ് നടന്നിട്ടില്ല എന്ന് വ്യക്തമാക്കുന്നതിന്റെ രേഖകൾ ഹാജരാക്കേണ്ടതും യഥാർത്ഥ ചെലവ് നടക്കാതെ കാഷ് ബുക്കിലും സുലേഖ പത്രികയിലും ചെലവ് രേഖപ്പെടുത്താനുള്ള കാരണവും അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.19/18.09.21) മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 അജൈവ മാലിന്യ സംസ്കരണ കേന്ദ്രം- പദ്ധതി ലക്ഷ്യം കൈവരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 128/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര് | അജൈവ മാലിന്യ സംസ്കരണ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കൽ |
| അടങ്കൽ | 10,75,000(സംസ്ഥാനാവിഷ്കൃത ഫണ്ട്. ) |
| ആകെ പ്രവൃത്തിമൂല്യം | 10,64,196 |
| വൗച്ചർനം/ തിയ്യതി | 19/19-20/29.10.19 ചെക്ക് നം 10773/04.11.19 |
| കോൺട്രാക്ടർ | വിജയൻ കെ |
| എം ബുക്ക് നമ്പർ | 33/18-19 |
| എഗ്രിമെന്റ് നമ്പർ | 33/AE/LSGD/MTL/18-19 Dt 11.12.18 |

അജൈവ മാലിന്യ സംസ്കരണകേന്ദ്രത്തിന് കെട്ടിട നിർമ്മാണത്തിന് 10,64,196 രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ കെട്ടിടം 17 വാർഡുകളിൽനിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ സ്റ്റോക്ക് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനായി മാത്രമായാണ് ഉപയോഗിച്ച് വരുന്നത് എന്നും തുടർ പ്രവർത്തനങ്ങൾക്കായി പ്രൊജക്ടുകൾ തുടർന്ന് നടപ്പിലാക്കിയിട്ടില്ല എന്നുമാണ് ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (നം. 18/20.09.21) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയായി നൽകിയത്. ഫലപ്രദമായ ഒരു അജൈവ മാലിന്യ സംസ്കരണകേന്ദ്രം എന്ന പ്രൊജക്ട്

ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർപ്രവൃത്തികളുടെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ധനസഹായം അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ / പേര് -147/2020 പട്ടികജാതി വിഭാഗത്തിൽപെട്ട് വിദ്യർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകൽ

അടങ്കൽ -73430 (SCP)

ചെലവ് - 73430

ബിൽ നമ്പർ തീയതി - 02/29-06-2019

മേൽ പ്രോജക്ടു പ്രകാരം ബിന്ദു കോയ്യോൻ M/O ആദർശ് കെ (വാർഡ് നം:xv-315) എന്ന ഗുണഭോക്താവിന് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായത്തിന്റെ രണ്ടാം ഗഡുവായി 73430 രൂപ നൽകിയിട്ടുണ്ട്. സ ഉ (കൈ) നം 22/2018/ തസ്വഭവ 14.02.2018 ഖ 7.2.17 പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള 800 ച അടിയിൽ അധികരിക്കാത്ത വീടിനോടൊപ്പമാണ് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കാവുന്നത്. സ.ഉ. (സാധാ)2636/2018/തസ്വഭവ 15.10.18 പ്രകാരം ധനസഹായം അനുവദിക്കാവുന്ന പഠനമുറിയുടെ തറവിസ്തീർണ്ണം 120 ച അടിയിൽ അധികരിക്കാവുന്നതല്ല. ഹാജരാക്കിയ ഫയൽ പ്രകാരം നിലവിലുള്ള 68.27 ച മീ((734.85 Sq Ft) വിസ്തൃതിയുള്ള നിലവിലുള്ള വീടിനോടൊപ്പം 47.28 ച മീ (508.92 Sq Ft)വിസ്തൃതിയുള്ള പഠന മുറി , ബെഡ് റൂം, ഹാൾ, ബാത്ത് റൂം എന്നിവ ഉൾപ്പടെയുള്ള ഒന്നാം നില നിർമ്മിക്കുന്നതിന് നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത് . സർക്കാർ ഉത്തരവിലെ മേൽ നിർദ്ദേശം പ്രകാരം പഠനസൗകര്യം ഇല്ലാത്ത നിർധനരായ കുട്ടികൾക്ക് ആയത് ലഭ്യമാക്കുന്നതിന്റെ ഭാഗമായി 120 ച അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് മാത്രമാണ് ധനസഹായം അനുവദിക്കാവുന്നത്.ആയതിൽ നിന്നും വ്യത്യസ്തമായി പഠനമുറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ അനുവദിച്ച 123430/- രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ വീടിന്റെ ഒന്നാം നില നിർമ്മാണത്തിനുള്ള ധനസഹായമായി ആനുകൂല്യം അനുവദിച്ചത് ശരിയായ നടപടി ക്രമമല്ല. സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തുന്നില്ല എന്ന കാര്യം ഉറപ്പുവരുത്തുന്നതിലേക്കും അർഹരായ ഗുണഭോക്താക്കൾക്ക് മാത്രമാണ് ധനസഹായം അനുവദിക്കുന്നത് എന്ന വിഷയം ഉറപ്പുവരുത്തുന്നതിലേക്കും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ഇടപെടലുകൾ ഉണ്ടാവേണ്ടതുണ്ട്.

## 1-21 പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യർത്ഥികൾക്ക് പഠനമുറി- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ / പേര് -23/20പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകൽ

അടങ്കൽ -50000 (SCP)

ചെലവ് - 50000

ബിൽ നമ്പർ തീയതി തുക – 13/19-20/31.03.20

മേൽ പ്രോജക്ടു പ്രകാരം സജിത കെ M/0 ആതിര കൃഷ്ണൻ എന്ന ഗുണഭോക്താവിന് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 50000 രൂപ നൽകിയിട്ടുണ്ട്. ഒന്നാം ഗഡു കൈപ്പറ്റിയതിനുശേഷം പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി ഇതേവരെ കംപ്ലീഷൻ സാക്ഷ്യപത്രം ഹാജരാക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ല. സ ഉ (കൈ) നം 22/2018/തസ്വഭവ 14.02.2018 ഖ 7.2.17 പ്രകാരം പട്ടികജാതി പട്ടിക വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള 800 ച അടിയിൽ അധികരിക്കാത്ത വീടിനോടൊപ്പമാണ് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കാവുന്നത്. സ.ഉ. (സാധാ)2636/2018/തസ്വഭവ 15.10.18 പ്രകാരം ധനസഹായം അനുവദിക്കാവുന്ന പഠനമുറിയുടെ തറവിസ്തീർണ്ണം 120 ച അടിയിൽ അധികരിക്കാവുന്നതല്ല. പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട് ഹാജരാക്കിയ പ്ലാനും പഞ്ചായത്തിൽ നിന്നും അനുവദിച്ച പെർമിറ്റും പ്രകാരം നിലവിലുള്ള വീടിന്റ വിസ്തീർണ്ണം 75.74 ച. മീറ്ററും (815.26 ച അടി) നിർമ്മിക്കാനുദ്ദേശിക്കുന്ന പഠനമുറിയുടെ വിസ്തീർണ്ണം 25.42 ച. മീറ്ററും (273.62 ച അടി) ആണ്. സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി നിർവ്വഹണം

നടത്തിയതിന്റെ കാരണം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/19-20) ഗുണഭോക്താവ് സർക്കാർ നിർദ്ദേശിച്ചതിലും കുറവ് വിസ്തൃതിയുള്ള പഠനമുറി നിർമ്മിച്ച് ബാക്കി തുക ദുരുപയോഗം ചെയ്യാതെ സർക്കാർ നിർദ്ദേശിച്ചതിലും കൂടുതൽ വിസ്തൃതിയുള്ള പഠനമുറി നിർമ്മിച്ചതിനാൽ സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നില്ല എന്ന മറുപടിയാണ് ഹാജരാക്കിയത്. സർക്കാർ മാനദണ്ഡങ്ങളിൽ നിന്നും വ്യത്യസ്തമായി പഠനമുറിയുടെ നിർമ്മാണം നടത്തുന്നതുകൊണ്ടും ഒന്നാം ഗഡു കൈപ്പറ്റി നാളിതുവരെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തിയാക്കി കംപ്ളീഷൻ സാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിലും ഗുണഭോക്താവിന്റെ അർഹത പുന;പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. |
| പ്രൊജക്റ്റ് നം | 33/20 |
| അടങ്കൽ | ₹500000/-<br>(₹125000- വികസനഫണ്ട് )<br>(₹125000-സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>(₹250000-ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹375000<br>(₹125000/- വികസനഫണ്ട് )<br>(₹250000-ഗുണഭോക്തൃവിഹിതം) |
| ബിൽനം/ചെക്ക് നം/തുക /തീയ്യതി | P2/2019-20/ ₹ 125000/20.8.2019. |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മാട്ടൂൽ ഗ്രാമപഞ്ചായത്ത് വെറ്റിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി 125000/രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂരിന് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-23 മുഴുവൻ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.മാട്ടൂൽ. |
| പ്രോജക്റ്റ് നം. | 93/20 |
| പ്രോജക്റ്റിന്റെ പേര് | ദീർഘകാല രോഗികളും മാറാവ്യാധികൾ ബാധിച്ചവർക്കുമുള്ള ഗൃഹകേന്ദ്രീകൃത സാന്ത്വനം |
| അടങ്കൽ | ₹ 549080 |
| ചെലവ് | ₹ 521000<br>മുകളിൽ പരാമർശിച്ച ചെലവ് തുകയിൽ ഉൾപ്പെട്ട ബിൽ. നം 9/19-20 ₹89950/29.1.2020. |

മേൽ പദ്ധതിയുടെ ഭാഗമായി (ബിൽ. നം 9/19-20 ₹89950/29.1.2020) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി പഞ്ചാബ് നാഷനൽ ബാങ്കിന്റെ അക്കൗണ്ടിലേക്ക്( A/C.No. 3624001800000019) നൽകിയിട്ടുള്ള 89950 രൂപയിൽ എത്ര രൂപയുടെ മരുന്നുകൾ/ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നറിയുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/20-തീയ്യതി.13.9.2021) 77040/- രൂപയ്ക്കുള്ളവ ലഭ്യമാക്കിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 12910രൂപയ്ക്കുള്ളവ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-24 വാർദ്ധക്യകാല പെൻഷൻ - മരണപ്പെടുന്ന ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കിയ ഏതാനും ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചൽ മുഖേന പരിശോധിച്ചപ്പോൾ ചുവടെ കൊടുത്തിരിക്കുന്ന വാർദ്ധക്യ കാല പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ടശേഷവും തുക അക്കൗണ്ടിൽ നിക്ഷേപിക്കുകയും മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ/ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ തുക തടഞ്ഞു വച്ചിരിക്കുന്നതായും കാണുന്നു . വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി. | മരണപ്പെട്ട തീയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഹംസ.എം | 2391 7178 4365 | 111000200398 | 24.11. 2019 | മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ/ ഹോംമസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ<br>ആഗസ്റ്റ് 2019മുതൽ ആഗസ്റ്റ് 2021 വരെ തടഞ്ഞ് വെച്ചിരിക്കുന്നു. |
| 2 | അസീസ്. കൊല്ലെന്റവിട | 9967 9036 1510 | 111000202284 | 5.11. 2019 | " |
| 3 | യശോദ.ഒ.വി. | 3520 4856 0831 | 111000200091 | 29.10. 2019 | " |
| 4 | കുഞ്ഞി പാത്തുമ്മ. എം.എം.വി | 4721 4847 8582 | 111000201661 | 2.11. 2019 | " |
| 5 | ഖദീജ. | 5402 2767 7192 | 111000201064 | 29.10. 2019 | " |
| 6 | ഖദീജ.എ | 6171 3189 2779 | 111000200264 | 31.8. 2019 | " |
| 7 | പാത്തുമ്മ.കെ.സി | 6177 5109 4693 | 111000200169 | 3.11. 2019 | " |
| 8 | ആയിഷ.കെ | 9583 9603 7580 | 111000200996 | 5.10. 2019 | " |
| 9 | അസ്മ.ടി. | 7504 0230 7276 | 111000200906 | 12.10. 2019 | " |

| | | | | | |
|---|---|---|---|---|---|
| 10 | കെ.പി.ഫ്രാൻസിസ് | 6095 5970 7270 | 111000200263 | 4.9. 2019 | " |
| 11 | ആയിസുമ്മ.പി.പി | 8125 5188 4571 | 111000200571 | 22.9. 2019 | " |
| 12 | ഹംസ.കെ.പി | 9459 8027 7011 | 111000200848 | 12.9. 2019 | " |
| 13 | ബാലൻ.കെ.വി | 6517 3043 2280 | 111000201472 | 13.9. 2019 | " |
| 14 | അബ്ദുള്ള.ഇ.വി | 4996 3943 3946 | 111000202328 | 4.9. 2019 | നവംബർ 2019 മുതൽ ആഗസ്റ്റ് 2021 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല |
| 15 | ഫാത്തിമ അസ്മാബി.എൻ പി | 4685 6074 4293 | 111000200310 | 19.8 2019 | മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ/ ഹോംമസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോചെയ്യാത്തതിനാൽ ആഗസ്റ്റ് 2019മുതൽ ആഗസ്റ്റ് 2021വരെ തടഞ്ഞ് വെച്ചിരിക്കുന്നു. |
| 16 | അബ്ദുൾ സലാം ഹാജി കെ.ടി. | 4646 2195 9926 | 111000201321 | 29.12. 2019 | ഒക്ടോബർ2019മുതൽ മാർച്ച്- 2021 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല. |
| 17 | രാഘവൻ.കെ | 2970 3542 1242 | 111000200318 | 12.1. 2020 | ഒക്ടോബർ 2019 മുതൽ ആഗസ്റ്റ് 2021 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 18 | ബി.സി.അബ്ദുൾ ഖാദർ | 5049 7010 7238 | 111000200482 | 19.2. 2020 | ആഗസ്റ്റ് 2021 വരെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 19 | സുലൈഖ.കെ.വി | 8740 0735 0092 | 111000200535 | 8.2. 2020. | ആഗസ്റ്റ് 2021 വരെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് ചുമതലയാണ്.

മരണമടഞ്ഞ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിരുന്നിട്ടും ഡാറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കാത്തതിന് ഗുരുതരമായ പിഴവായി ഓഡിറ്റിൽ വിലയിരുത്തുന്നു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.21/20.തീയ്യതി.22.9.2021) മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കാമെന്നറിയിച്ചിട്ടുണ്ട്. അധികം നൽകിയ പെൻഷൻ തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം രജിസ്റ്റർ

ചെയ്ത മരണങ്ങളുടെ വിവരങ്ങൾ മാത്രം പരിശോധിച്ചപ്പോൾ കണ്ടെത്തിയ അധിക ചെലവാണിത്. മുൻകാലങ്ങളിൽ ഉൾപ്പെടെ മരണപ്പെട്ടവരുടെ ആനുകൂല്യങ്ങൾ ഇതേരീതിയിൽ കൈമാറ്റം ചെയ്യപ്പെടാനുള്ള സാധ്യത കൂടി പരിശോധന വിധേയമാക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 6.09.2021 , 8 .09.2021 | കെ.എസ്.എ/കെ.എൻ.ആർ/ സി2/1081/21 തീ. 03.11.2021 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 275000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 275000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലുല്പാദനത്തിന് സബ്സിഡി | 79331 | 20669 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക 53,40,000 | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | കെ യു ആർ ഡി എഫ് സി/2/289/2018തിയ്യതി 02.11.18 | | 2610000 | 500000 | 274927 | 2110000 |

## 4-6 സ്ഥിര നിക്ഷേപം

താഴെ പറയും പ്രകാരം 10000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, ഷെയർ സർട്ടിഫിക്കറ്റ് നം. 18 തീയതി 20.06.15 , മെമ്പർ നമ്പർ ഡി 100 (2 ഡി ക്ലാസ് ഷെയറുകൾ) | 10000രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16156രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-1 | 2620 | ചള്ളക്കര ഷൂഹൈബ്,അലീമ | 119020101954/19.09.19 |
| 2016-17 | 3-12 | 6889 | ഇബ്രാഹിം കുട്ടി ഹാജി.കെ,കെ | 119030103547/06.12.19 |
| 2015-16 | 3-2 | 2000 | മുഹമ്മദലി.കെ.വി | 119030103547/06.12.19 |
| 2018-19 | 27 | 1328 | പ്രസിഡണ്ട് മാട്ടൂൽ ഗ്രാമ പഞ്ചായത്ത് | 119030103547/06.12.19 |
| 2010-11,2011-12 | 3-22 | 602 | വികൃഷി ഓഫീസർ മാട്ടൂൽ ഗ്രാമ പഞ്ചായത്ത് | 119030103547/06.12.19 |
| 2010-11,2011-12 | 3-23 | 1012 | മെഡിക്കൽ ഓഫീസർ മാട്ടൂൽ ഗ്രാമ പഞ്ചായത്ത് | 119030103547/06.12.19 |
| 2010-11,2011-12 | 1 | 720 | മുൻസീറ | 119030103547/06.12.19 |

| | | | | |
|---|---|---|---|---|
| 2018-19 | | 985 | സക്കറിയ .എസ്. വി | 119030103547/06.12.19 |
| | ആകെ | 16,156രൂപ | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡികനമ്പർ | വിഷയം |
|---|---|---|---|---|
| 2005-06 | 2.85.1 | 2001-02 | 3-3 | കമ്പ്യൂട്ടർ മുറി തയ്യാറാക്കൽ- പാഴ്ച്ചെലവ് |
| 2005-06 | 2.85.2 | 2001-02 | 3-9 | ബോട്ട് ജെട്ടി നിർമ്മാണം -പൂർത്തിയാക്കിയിട്ടില്ല |
| | | 2000-01 | 3-6 | |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്ജ് സർചാർജ്ജ് നടപടികൾ വഴി തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57204003 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59086988 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15,248 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 15,248 | ശ്രീമതി അനിത സി ടി അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

# ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

# ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി അനിത സി ടി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെറുപുഴ ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ എസ് എ /കെ എൻ ആർ/സി2-803/19 തീയതി 11.06.19 | 4 |
| 2000-01 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 1 |
| 2001-02 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 2 |
| 2003-04 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 1 |
| 2004-05 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 1 |
| 2006-07 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 4 |
| 2007-08 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 8 |
| 2008-09 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 8 |
| 2009-10 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 19 |
| 2010-11,2011-12 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 16 |
| 2012-13,13-14 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 13 |
| 2014-15 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 6 |
| 2015-16 | കെ എസ് എ /കെ എൻ ആർ/ സി2-663/17 തീയതി 01.02.18 | 16 |
| 2016-17 | കെ എസ് എ /കെ എൻ ആർ/ സി2-1360/17തീയതി 21.05.18 | 27 |
| 2017-18 | കെ എസ് എ/കെ എൻ ആർ/ സി2-853/19 തീയതി 04.07.19 | 20 |
| 2018-19 | കെ എസ് എ/കെ എൻ ആർ/ സി2-211/20തീയതി 15.06.20 | 30 |

ഡെപ്യൂട്ടി ഡയക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാട്ടൂല് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാട്ടൂല് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Mattool Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10591879.40 |
| Cash | Cash | RP-40(a) | 148660.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 860000.00 |
| 140000000 | Fees & User Charges | RP-4 | 406895.00 |
| 150000000 | Sale & Hire Charges | RP-5 | 2204520.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 30981398.00 |
| 171000000 | Interest Earned | RP-9 | 378317.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4341284.00 |
| 350000000 | Other Liabilities | RP-36 | 14036184.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 340000000 | Deposits Received | RP-34 | 96500.00 |
| 350000000 | Other Liabilities | RP-36 | 349448.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3522460.00 |
| 460000000 | Loans, Advances and Deposits | RP-47 | 26997.00 |
| | Grand total | | 67944542.40 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4424968.00 |
| 220000000 | Administrative Expenses | RP-12 | 3400699.00 |
| 230000000 | Operations & Maintenance | RP-13 | 1548785.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3370097.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12466753.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1641184.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 138446.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 423960.00 |
| 255000000 | Maintenance Projects | RP-20 | 3914326.00 |
| | | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 18000.00 |
| 280000000 | Prior Period item | RP-26 | -39963.00 |
| | | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 239124.00 |
| 350000000 | Other Liabilities | RP-36 | 16969854.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 276348.00 |
| 272000000 | Depreciation | RP-25 | 0.0 |
| 280000000 | Prior Period Item | RP-26 | -714.00 |
| 330000000 | Secured Loans | RP-32 | 500000.00 |
| 340000000 | Deposits Received | RP-34 | 24700.00 |
| 350000000 | Other Liabilities | RP-36 | 2572904.00 |
| 410000000 | Fixed Assets | RP-38 | 3031937.00 |
| 412000000 | Capital work in Progress | RP-40 | 3062754.00 |
| 460000000 | Loans, Advances and Deposits | RP-47 | 1102826.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8774138.40 |
| Cash | Cash | RP-40(b) | 83416.00 |
| | Grand Total | | 67944542.40 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Mattool Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4526740.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 25.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 42684.00 |
| 140000000 | Fee & User Charges | I-4(b) | 511470.00 |
| 150000000 | Sale & Hire Charges | I-5(b) | 2204820.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 88885633.00 |
| 171000000 | Interest Earned | I-8 | 378317.00 |
| 180000000 | Other Income | I-9 | 109625.00 |
| | Total Income | | 96659314.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10747702.00 |
| 220000000 | Administrative Expenses | I-11(b) | 3400699.00 |
| 230000000 | Operations & Maintenance | I-12(b) | 1548785.00 |
| 240000000 | Interest & Finance Charges | I-13 | 276348.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5231903.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20367541.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1864479.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 138446.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44949664.00 |
| 255000000 | Maintenance Projects | I-14(e) | 3914326.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 18000.00 |
| 270000000 | Provisions and Write off | I-16 | 1502.00 |
| 272000000 | Depreciation | I-17(a) | 5154223.00 |
| | Total Expenditure | | 97613618.00 |
| | Gross Surplus/ Deficit of income over Expenditure | | -954304.00 |
| 280000000 | Prior Period Item | I-18 | 591135.00 |
| | | | |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1545439.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | Mattool Grama Panchayat BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11825681.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 29810135.00 |
| | Total Reserve & Surplus | | 41635816.40 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5211150.25 |
| | Total Grants, Contributions for Specific Purposes | | 5211150.25 |
| | Loans | | |
| 330000000 | Secured Loans | B-5 | 2110000.00 |
| | Total Loans | | 2110000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 516686.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 4754873.75 |
| | Total Current Liabilities and Provisions | | 5271559.75 |
| | TOTAL LIABILITIES | | 54228526.40 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 58233120.00 |
| 411000000 | Accumulated Depreciation | B-11 | -15819994.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 42413126.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000.00 |
| | Total Investments | | 10000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 79087.00 |
| 440000000 | Pre-paid Expenses | B-16 | 2110000.00 |
| 450000000 | Cash and Bank Balance | B-17 | 8857554.40 |
| 460000000 | Loans, Advances and Deposits | B-18 | 758759.00 |
| | Total Current Assets, Loans and Advances | | 11805400.40 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 54228526.40 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.